## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 829** **29-08-2022 - ൽ മറുപടിയ്ക്ക്**

## അംബേദ്കർ ഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2021-22 വർഷത്തിൽ 14 ജില്ലകളിലായി 202 പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ; | (ബി) | 166 കോളനികൾക്ക് 20,00,000/- രൂപ വീതം 3,32,00,000/-രൂപ അനുവദിച്ചിട്ടുണ്ട്.എല്ലാ കോളനികളിലും ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നത് എന്നാൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി ഏറ്റെടുക്കുന്നതിൽ അസൗകര്യമുള്ള കോളനികളിൽ ബഹു.എം.എൽ.എ മാരുടെ ശുപാർശ പ്രകാരം മറ്റ സർക്കാർ അക്രഡിറ്റഡ് ഏജൻസികളെ പദ്ധതി നിർവ്വഹണം ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | പുതുതായി തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി കൂടുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മന്ത്രി തലത്തിൽ നിർവഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകനയോഗം രണ്ടുതവണ നടത്തുകയുണ്ടായി. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ജില്ലാ കളക്ടർ, അസി.കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ തലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തി പുരോഗതി |

| | | | |
|---|---|---|---|
| | | | വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>അംബേദ്കർഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി , പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 3/12/2021 ലെ സ.ഉ.(കൈ)നം.54/2021/പ.ജ.പ.വി.വ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ